**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കുമരകം ഗ്രാമ പഞ്ചായത്ത് 2005-06 വർഷ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.10 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.2931/12/തസ്വഭവ. തിരുവനന്തപുരം,തീയതി: 20/10/2012**

**പരാമർശം:-** 1) 15/06/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം4-15285/12-ാം നമ്പർ കത്ത്.

2) 15/09/2012-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-13611/P.T1/12 നമ്പർ കത്ത്.

## ഉത്തരവ്

കുമരകം ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(10)-ൽ കുടിവെള്ള വിതരണത്തിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 19,16,330/- രൂപയിൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ തുകയേക്കാൾ അധികം ചെലവഴിച്ച 54,245/- (അമ്പത്തി നാലായിരത്തി ഇരുന്നൂറ്റി നാല്പത്തിയഞ്ച് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരുന്നു.

കുമരകം ഗ്രാമപഞ്ചായത്തിൽ മഴക്കാലത്ത് പോലും കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുമെന്നും ലോറികളിലും വള്ളങ്ങളിലും കൂടിയാണ് ഈ പ്രദേശത്ത് ശുദ്ധജല വിതരണം നടത്തിയിരുന്നതെന്നും ലോറി വാടകയിലും വള്ളം വാടകയിലും ഉണ്ടായ വർദ്ധനവ് കാരണമാണ് കൂടുതലായി 54,245/- രൂപ ചെലവഴിക്കേണ്ടി വന്നതെന്നും ആയതിനാൽ ടി തുകയ്ക്ക് സാധൂകരണം നൽകണമെന്ന 06/03/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 4(1)ാം നമ്പർ തീരുമാനം ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടെയുമടിസ്ഥാനത്തിൽ അധികം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുമരകം ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(10)-ൽ ആഡിറ്റ് തടസ്സപ്പെടുത്തിയ കുടിവെള്ള വിതരണത്തിനായി 54,245/- രൂപ (അമ്പത്തി നാലായിരത്തി ഇരുനൂറ്റി നാല്പത്തിയഞ്ച് രൂപ മാത്രം) അധികം ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കുമരകം ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ